കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ശാസ്താംകോട്ട സബ് ട്രഷറിക്കായി താൽക്കാലിക ഓഫീസ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക്ക് വർക്ക്സ് -ബി) വകുപ്പ്

സ.ഉ (സാധാ) നം.8238/2013/ധന തിരുവനന്തപുരം, തിയതി, 29.10.2013

സൂചന (1) 17.07.2013 ലെ സ.ഉ (സാധാ) നം.5941/13/ധന

(2) ട്രഷറി ഡയറക്ടറുടെ 27.09.2013 ലെ എ 1/9501/2008 നമ്പർ കത്ത്.

**ഉത്തരവ്**

കൊട്ടാരക്കര ജില്ലാ ട്രഷറി ഓഫീസറുടെ കീഴിലുള്ള ശാസ്താംകോട്ട സബ് ട്രഷറി കെട്ടിടം വളരെ ശോചനീയമായ അവസ്ഥയിലായതിനാൽ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് അങ്കണത്തിലെ കെട്ടിടത്തിൽ പ്രസ്തുത ട്രഷറി താല്ക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്നതിന് സൂചന 1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ ശീർഷകവും തുകയും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കാൻ കഴിഞ്ഞില്ലയെന്ന് സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ പ്രവൃത്തിയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബിൽഡിംഗ്സ് ഡിവിഷൻ, കൊല്ലം സമർപ്പിച്ച 2,90,000 രൂപയുടെ (രണ്ടു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതോടൊപ്പം '2059-01-051-90-17 (NP)' എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ആജ്ഞാനുസരണം

**എ. ആർ. അജയകുമാർ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള ,തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. ജില്ലാ ട്രഷറി ഓഫീസർ, കൊട്ടാരക്കര
5. നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ